## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4835** **24.07.2015**--ൽ മറുപടിക്ക്

## മലപ്പുറം കാൻസർ സെന്ററിന്റെ പ്രവർത്തനം

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള

**മറുപടി**

**ശ്രീ.വി.എസ്.ശിവകുമാർ**

(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലപ്പുറം ഇൻകെൽ കേന്ദ്രങ്ങളിൽ ആരംഭിക്കുന്ന കാൻസർ സെന്ററിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) | മലപ്പുറത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കാൻസർ സെന്ററിനുവേണ്ടി "മലപ്പുറം കാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് " എന്ന പേരിൽ ഒരു ചാരിറ്റബിൾ സൊസൈറ്റി രൂപീകരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്നുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | സ്പെഷ്യൽ ഓഫീസറെ നിയമിച്ചതിനുശേഷം പ്രസ്തുത കേന്ദ്രം ആരംഭിക്കുന്നതിനായി നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | സ്പെഷ്യൽ ഓഫീസറെ നിയമിച്ചതിനുശേഷം താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1.മലപ്പുറം കാൻസർ സെന്ററിനു ആവശ്യമായ 25 ഏക്കർ സ്ഥലം കെ.എസ്.ഐ.ഡി.സി, ഇ.എഫ്.എൽ.യുവിനുവേണ്ടി നീക്കിവച്ചിരിക്കുന്ന 75 ഏക്കറിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള മന്ത്രി തല യോഗങ്ങൾ ചേരുകയും അതിനുള്ള മേൽ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.<br>2. അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ജലം, വൈദ്യുതി, എന്നിവയുടെ ലഭ്യത സംബന്ധിച്ച് പ്രാരംഭ അന്വേഷണങ്ങൾ നടത്തി ഇവ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.<br>3. മലപ്പുറത്ത് കാൻസർ സെന്ററിനു വേണ്ടി ഒരു പ്രോജക്ട് ഓഫീസ് പ്രവർത്തനം ആരംഭിച്ചു.<br>4. മലപ്പുറം കാൻസർ സെന്ററിനു വേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഒരു ഏജൻസിയെ കണ്ടുപിടിക്കുകയും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.<br>5. കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട (ആദായനികുതി വകുപ്പിൽ നിന്നും) ആവശ്യമായ അംഗീകാരങ്ങൾക്കുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു.<br>6. ആശുപത്രിക്കാവശ്യമായ സാമ്പത്തിക സഹായങ്ങൾക്കുള്ള രൂപരേഖ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ